പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.38 — 26.04.2017 ൽ മറുപടിയ്ക്ക്

**അണ്ടർ -17 ഫുട്ബോൾ ലോകകപ്പിന്റെ സെമി ഫൈനൽ മത്സരം നഷ്ടപ്പെട്ട സാഹചര്യം**

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ

ശ്രീ ഇ.കെ.വിജയൻ

ശ്രീ.എൽദോ എബ്രഹാം

ശ്രീ.വി.ആർ. സുനിൽ കുമാർ

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | അണ്ടർ-17 ഫുട്ബോൾ ലോകകപ്പിന്റെ സെമി ഫൈനൽ മത്സരം കേരളത്തിന് നഷ്ടപ്പെട്ടത് പരിശോധിച്ചിട്ടുണ്ടോ; | എ) | അണ്ടർ-17 ഫുട്ബോൾ ലോകകപ്പിന്റെ മത്സരങ്ങൾ സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പ് ലഭിച്ചത് മാർച്ച് 27-നാണ്. ഇതിനു മുമ്പ് മത്സരക്രമ സംബന്ധമായ യാതൊരുവിധ അറിയിപ്പുകളും ഫിഫ അധികൃതർ നൽകിയിട്ടില്ല. ക്വാർട്ടർ ഫൈനൽ അടക്കം ആകെ 8 മത്സരങ്ങൾ കൊച്ചിയ്ക്ക് അനുവദിച്ചിട്ടുണ്ട്. |
| ബി) | തയ്യാറെടുപ്പുകളിലെ മെല്ലെപ്പോക്ക് നയം മൂലമാണോ പ്രസ്തുത മത്സരം കേരളത്തിന് നഷ്ടമായത് എന്നത് വ്യക്തമാക്കുമോ; | ബി) | അല്ല. തയ്യാറെടുപ്പുകളിൽ വേണ്ട ജാഗ്രത പുലർത്തിക്കൊണ്ട്, ഫിഫ നിഷ്കർഷിച്ച തീയതിയായ മെയ് 15-നു മുമ്പ് തന്നെ സ്റ്റേഡിയവും മെയ്-31 ന് മുൻപായി 4 പരിശീലന ഗ്രൗണ്ടുകളും സജ്ജമാക്കി വരുന്നു. |
| സി) | പ്രസ്തുത ഫുട്ബോൾ മേളയുടെ ഒരുക്കങ്ങളിൽ ആരുടെയൊക്കെ ഭാഗത്ത് നിന്നാണ് വീഴ്ചയുണ്ടായതെന്നും പ്രസ്തുത വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോയെന്നും വിശദമാക്കുമോ? | സി) | തയ്യാറെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ശുഷ്കാന്തി പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടി ക്രമങ്ങളിലും അനുബന്ധ കാര്യങ്ങളിലും നടപടിക്രമങ്ങൾ പാലിക്കുന്നതിനാവശ്യമായ സ്വാഭാവിക കാലതാമസം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിലും പരിശീലന ഗ്രൗണ്ടുകളായ മഹാരാജാസ് ഗ്രൗണ്ട്, പനമ്പിള്ളി നഗർ സ്പോർട്സ് അക്കാദമി, ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ട്, പരേഡ് ഗ്രൗണ്ട് എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തികൾ പരമാവധി വേഗതയിൽ നടക്കുന്നു. ആയവ, ഫിഫ നിഷ്കർഷിച്ച മെയ് 15, മെയ് 31 എന്നീ തീയതികൾക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ